ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 28.06.2026

## പ്രധാനവാർത്തകൾ

1. രാജ്യം കൂടുതൽ സ്വയം പര്യാപ്തമായതായി മൻ കീ ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. ജനങ്ങളുടെ ദൃഢനിശ്ചയത്തിലൂടെ ഏത് പ്രതിസന്ധിയും തരണം ചെയ്യാൻ സാധിക്കുമെന്നും പ്രധാനമന്ത്രി.

2. പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നാളെ പുനരാരംഭിക്കും. പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും നടക്കും.

3. സംസ്ഥാനത്ത് സെൻസസ് 2027 ൻറെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം രണ്ട് ദിവസം കൂടി.

4. മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച അന്തർ സംസ്ഥാന ചർച്ച നാളെ മൂന്നാറിൽ. ഇരു സംസ്ഥാനങ്ങളുടേയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും.

5. സംസ്ഥാനത്ത് ശക്തമായ മഴ തുടരും. 11 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം

RNU TVPM

– കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്ക്

6. ലോകകപ്പ് ഫുട്ബോളിൽ നോക്ക്ഔട്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ മത്സരത്തിൽ കാനഡ, ദക്ഷിണാഫ്രിക്കയെ നേരിടും.

&&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി – സെയ്ഷെൽസ്</u>

ഇന്ത്യയും സെയ്ഷെൽസും തമ്മിലുള്ള അകലം കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ മാർഗമാണ് ഡിജിറ്റൽ സാങ്കേതികവിദ്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി നടത്തിയ സംയുക്ത പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷി, ധനകാര്യം, ബഹിരാകാശം, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിൽ നിരവധി കരാറുകൾ കൈമാറി. പരിസ്ഥിതി നേതൃത്വത്തിനുള്ള ഏറ്റവും ഉയർന്ന ബഹുമതിയായ 'ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ' പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു.

RNU TVPM

&&&&&&&&&&&&&&&&

<u>മൻ കീ ബാത്(ഇൻട്രോ)</u>

രാജ്യം കൂടുതൽ സ്വയം പര്യാപ്തമായി മാറുകയാണെന്നും സ്വാശ്രയ ഭാരതം കെട്ടിപ്പടുക്കാനുള്ള നിശ്ചയദാർഢ്യം ശക്തമാകുന്നുവെന്നും മൻ കീ ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.ആധുനിക സാങ്കേതികവിദ്യയെയും പാരമ്പര്യത്തെയും ഒന്നിപ്പിക്കാനുള്ള രാജ്യത്തെ പ്രമുഖ സർവകലാശാലകളുടെ ശ്രമങ്ങൾ അഭിനന്ദനാർഹമാണെന്നും ശ്രീ മോദി പറഞ്ഞു. രാജ്യത്തെ കോടിക്കണക്കിന് കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് സുരക്ഷാ കവചം നൽകുന്ന പ്രധാനമന്ത്രി സുരക്ഷാ ബീമ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന

എന്നിവയെ കുറിച്ചും അദ്ദേഹം പരാമർശിച്ചു. പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ, രാജ്യം ആഗോളപ്രതിസന്ധിയെ ഒറ്റക്കെട്ടായി നേരിടുന്നതിൽ ജനങ്ങൾക്ക് പ്രധാനമന്ത്രി നന്ദി അറിയിച്ചു . ജനങ്ങളാണ് ഏതൊരു രാജ്യത്തിന്റെയും ആത്മാവെന്നും ജനങ്ങളുടെ ദൃഢനിശ്ചയത്തിലൂടെ ഏത് പ്രതിസന്ധിയും തരണം ചെയ്യാൻ സാധിക്കുമെന്നും മൻ കി ബാത്തിൻറെ 135 -ാാം പതിപ്പിൽ പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ് )

&&&&&&&&&&&&&&&&

<u>നിയമസഭ</u>

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നാളെ പുനരാരം ഭിക്കും. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർ ത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും. പരിഷ്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ ബുധനാഴ്ച പരിഗണിക്കും.

RNUTVPM

&&&&&&&&&&&&&&&&

<u>അന്തർ സംസ്ഥാന ചർച്ച</u>

മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച് നാളെ മൂന്നാറിൽ അന്തർ സംസ്ഥാന ചർച്ച നടക്കും. ജലവിഭവ-പാർലമെൻററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ചർച്ച നടക്കുക. ഇരു സംസ്ഥാനങ്ങളുടേയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. പുതിയ ഡാം നിർമ്മിക്കണമെന്ന കേരളത്തിൻറെ ആവശ്യം തമിഴ്നാട്ടിലെ പുതിയ സർക്കാർ തള്ളുകയും ജലനിരപ്പ് ഉയർത്തണമെന്ന ആവശ്യം മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നു.

ഇതിൻറെ പശ്ചാത്തലത്തിലാണ് മുല്ലപ്പെരിയാർ വിഷയം വീണ്ടും ചർച്ചയാവുന്നത്

**&&&&&&&&&&&&&&&&**

**<u>പോളിയോ (ഇൻട്രോ)</u>**

സംസ്ഥാനത്ത് 2000 നു ശേഷം പോളിയോ റിപ്പോർട്ട് ചെയ്യിട്ടില്ലെന്ന് ആരോഗ്യ മന്ത്രി കെ മുരളീധരൻ. രാജ്യമെമ്പാടുമായി സംഘടിപ്പിച്ച പൾസ് പോളിയോ തുള്ളിമരുന്ന് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഒരു റിപ്പോർട്ട്....

**&&&&&&&&&&&&&&&&**

**<u>പൾസ് പോളിയോ - ല ക്ഷദ്വീപ്</u>**

ദേശീയ ആയുഷ് മിഷൻ ലക്ഷദ്വീപ് ഘടകത്തിൻ്റെ ആഭിമുഖ്യത്തിൽ, പൾസ് പോളിയോ തുള്ളിമരുന്ന് വിതരണ പരിപാടികൾ എല്ലാ ദ്വീപുകളിലും സംഘടിപ്പിച്ചു. കവരത്തി ഇന്ദിരാഗാന്ധി ആശുപത്രിയിൽ, മെഡിക്കൽ സൂപ്രണ്ട് ഡോക്ടർ എം. സി മുഹമ്മദ്, കുട്ടികൾക്ക് തുള്ളി മരുന്ന് നൽകി, പരിപാടി ഉദ്ഘാടനം ചെയ്യു.

**&&&&&&&&&&&&&&&&**

**<u>ജനറൽ കൗൺസിൽ യോഗം - മേയർ</u>**

തിരുവനന്തപുരം കോർപ്പറേഷൻ ജനറൽ കൗൺസിൽ യോഗം നാളെ ചേരുമെന്ന്, മേയർ വി വി രാജേഷ്. തിരുവനന്തപുരം കോർപറേഷനിൽ ഭരണസ്തംഭനം ചൂണ്ടിക്കാടിയുള്ള യു ഡി എഫിൻറെ അവിശ്വാസ പ്രമേയ നീക്കത്തെ സ്വാഗതം ചെയ്യുന്നതായി അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ

RNU TVPM

സമ്മേളനത്തിൽ പറഞ്ഞു. എല്ലാവിധ ചർച്ചകൾക്കും കോർപറേഷൻ ഭരണസമിതി തയ്യാറാണെന്നും ശ്രീ രാജേഷ് വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

<u>സെൻസസ് എന്യൂമറേഷൻ</u>

സംസ്ഥാനത്ത് സെൻസസ് 2027 ൻറെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം രണ്ട് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

**&&&&&&&&&&&&&&&&**

<u>മഴ</u>

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ഒഴികെയുള്ള 11 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലായിടത്തും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലായിടുത്തും മഞ്ഞ ജാഗ്രതയുമാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. തിരുവനന്തപുരം ജില്ലയിൽ ശക്തമായ മഴയെ തുടർന്ന് നീരൊഴുക്ക് ശക്തമായ അരുവിക്കര ഡാമിൻറെ രണ്ട് മുതൽ അഞ്ച് വരെയുള്ള ഷട്ടറുകൾ 10 സെൻ്റിമീറ്റർ വീതം ഉയർത്തി. ഡാമിൻറെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവരും നദിയുടെ ഇരുകരകളിലും താമസിക്കുന്നവരും ജാഗ്രത പുലർത്തണമെന്ന് മുന്നറിയിപ്പുണ്ട്.

RNU TVPM

&&&&&&&&&&&&&&&&

<u>കോഴിക്കോട് - മഴ - (ഇൻട്രോ)</u>

കോഴിക്കോട് ജില്ലയിൽ ഇന്ന് ശക്തമായ മഴയാണ് ലഭിച്ചത്. ജില്ലയിൽ പലയിടത്തും വെള്ളക്കെട്ടുണ്ടായി .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു ...........**

(വോയിസ്)

&&&&&&&&&&&&&&&&

<u>പ്ലസ്സ് വൺ അലോട്ട്മെൻറ്</u>

സംസ്ഥാനത്ത് പ്ലസ്സ് വൺ പ്രവേശനത്തിനുള്ള മൂന്നാമത്തേയും അവസാന ത്തേയും അലോട്ട്മെൻറ് നാളെ നടക്കും. രാവിലെ 11 മണി മുതൽ പ്രവേശനം സാധ്യമാകുന്ന വിധമായിരിക്കും അലോട്ട്മെൻറ് പ്രസിദ്ധീകരിക്കുന്നത്. ജൂലൈ 3 ന് വൈകിട്ട് 5 മണി വരെയാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾ <u>hscap.kerala.gov.in</u> ൽ ലഭ്യമാകും.

RNU TVPM

&&&&&&&&&&&&&&&&

<u>പാലക്കാട് (ഇൻട്രോ)</u>

പാലക്കാട് നഗരത്തിലെ തിരക്കേറിയ ജങ്ഷനുകളിൽ ഗതാഗതം സുഗമമാക്കാൻ നഗരസഭ പരിഷ്ക്കരണ പദ്ധതികൾ നടപ്പാക്കും. ഒലവക്കോട് ,കൊപ്പം എസ്.ബി.ഐ ജങ്ഷനുകളിലെ ഗതാഗതമാണ് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്........**

(വോയിസ്)

&&&&&&&&&&&&&&&&

<u>ഫിഫ</u>

ഫിഫ ഫുട്ബോൾ ലോകകപ്പ് നോക്ക്ഔട്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ മത്സരത്തിൽ കാനഡ,ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാത്രി 12.30 നാണു മത്സരം.

&&&&&&&&&&&&&&&&

<u>ഇന്ത്യ - അയർലൻഡ്</u>

ഇന്ത്യ - അയർലൻഡ് ടി 20 പരമ്പരയിലെ രണ്ടാമത്തെയും അവസാനത്തെയും മത്സരം പുരോഗമിക്കുന്നു. മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബോളിങ് തിരഞ്ഞെടുത്തു. പരമ്പരയിലെ ആദ്യ മത്സരത്തിൽ അയർലൻഡ് വിജയിച്ചിരുന്നു.

&&&&&&&&&&&&&&&&

<u>ബോസ് സ്കാം</u>

പ്രമുഖ സ്ഥാപനങ്ങളിലെയും കമ്പനികളിലെയും ഉന്നത ഉദ്യോഗസ്ഥരെയും ധനകാര്യ വിഭാഗം ജീവനക്കാരെയും ലക്ഷ്യമിട്ടുള്ള പുതിയ തരം സൈബർ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് കേരള പോലീസ്. ബോസ് സ്കാം എന്ന പേരിൽ അറിയപ്പെടുന്ന ഈ തട്ടിപ്പിലൂടെ സ്ഥാപനങ്ങളുടെ സി.ഇ.ഒമാരുടെ പേരിൽ വ്യാജ സന്ദേശങ്ങൾ ജീവനക്കാർക്ക് അയയ്ക്കുകയും, അടിയന്തരമായി പണം കൈമാറാൻ ആവശ്യപ്പെട്ട് സ്ഥാപനത്തിൻ്റെ പണം തട്ടിയെടുക്കുന്നതുമാണ് തട്ടിപ്പ് രീതി. സാമ്പത്തിക തട്ടിപ്പിനിരയായാൽ ഉടൻ തന്നെ 1930 എന്ന ഹെൽപ്പ് ലൈൻ നമ്പരിലോ, <u>www.cybercrime.gov.in</u> എന്ന ഔദ്യോഗിക വെബ്സൈറ്റിലോ പരാതി രജിസ്റ്റർ ചെയ്യണമെന്നും കേരള പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&

RNU TVPM

&&&&&&&&&

&&&

RNU TVPM